ഉത്തരം

(എ) റിസർവേഷൻതത്വം പാലിച്ച് പി. എസ്. സി. ഓഫീസിൽ നിന്നും തരുന്ന ലിസ്റ്റിൽ നിന്നുമാണ് നിയമന ഉത്തരവ് നൽകിക്കൊണ്ടിരിക്കുന്നത്.

(ബി) ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(സി) ലഭിച്ചിട്ടുള്ള പരാതി വേണ്ട നടപടികൾക്കായി പി.എസ്.സി.-ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

നേഴ്സുമാരുടെ ജോലി സമയം

117 [1296] ശ്രീ. ജോർജ്ജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിലെ നേഴ്സുമാർക്ക് മൂന്നു ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയതുമൂലം സർക്കാരിന് എന്ത് അധിക സാമ്പത്തിക, ബാദ്ധ്യത ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

നഴ്സിംഗ് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

118 [1297] പ്രൊഫ: മീനാക്ഷി തമ്പാൻ:
ശ്രീ. വി. വി. രാഘവൻ:
,, എം. നാരായണൻ (ഹോസ്ദുർഗ്ഗ്):
,, എൻ. രാജൻ:
,, പി. എസ്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഴ്സിംഗ് വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്;

(ബി) ഒരു നഴ്സിംഗ് വിദ്യാർത്ഥിക്ക് ലഭിക്കുമായിരുന്ന ആനുകൂല്യം എത്ര രൂപയായിരുന്നു;

(സി) ഈ ആനുകൂല്യങ്ങൾ നിറുത്തലാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നുമുതൽ നിറുത്തലാക്കി;

(ഇ) നഴ്സിംഗ് വിദ്യാർത്ഥികൾക്ക് അടുത്ത അദ്ധ്യയനവർഷം മുതൽ ഫീസ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എത്ര രൂപയാണ് ഫീസും മറ്റിനങ്ങളിലുമായി നഴ്സിംഗ് വിദ്യാർത്ഥികൾ നൽകേണ്ടി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) ഈ തീരുമാനങ്ങൾ പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly